MEDIA CONSULTANTS

# MATHRUBHUMI

## Kumarakom rural tourism project wins national award

Date: **21-03-2013 |** Edition: **TVM |** Page No: **9 |** Clip size (cm) - W: **8** H: **10.5**

### കുമരകം മോഡൽ മികച്ച ഗ്രാമീണ ടൂറിസം പദ്ധതി

# കേരള ടൂറിസത്തിന് അഞ്ച് ദേശീയ പുരസ്കാരം

**തിരുവനന്തപുരം:** ഏറെ അഭിനന്ദനം നേടിയ കേരളത്തിന്റെ ഉത്തരവാദ ടൂറിസത്തിന്റെ കുമരകം മോഡലിനു മികച്ച ഗ്രാമീണ വിനോദസഞ്ചാരപദ്ധതിക്കുള്ള ദേശീയ പുരസ്കാരം. തദ്ദേശവാസികളെയും ടൂറിസം വ്യവസായത്തെയും കണ്ണിചേർത്തുകൊണ്ടു നടത്തിയ മികച്ച ടൂറിസംപദ്ധതിക്കാണ് അംഗീകാരം. 2011-12ലെ ദേശീയ ടൂറിസം പുരസ്കാരങ്ങളിൽ മറ്റു നാലു പുരസ്കാരങ്ങളും കൂടി കേരളം നേടി. തിരുവനന്തപുരം ചൊവ്വരയിലെ സോമതീരം ആയുർവേദ റിസോർട്ടിനാണ് ബെസ്റ്റ് വെൽനെസ് സെന്റർ പുരസ്കാരം.

മികച്ച അപ്രൂവ്ഡ് ഇൻബൗണ്ട് ടൂർ ഓപ്പറേറ്റർ ആൻഡ് ട്രാവൽ ഏജന്റ് വിഭാഗത്തിൽ 'പയനിയർ പേഴ്സണലൈസ്ഡ് ഹോളിഡെയ്സ്' പുരസ്കാരത്തിന് അർഹമായി.

കുമരകത്തെ ടാജ് ഹോട്ടൽ മികച്ച ഫോർ സ്റ്റാർ ഹോട്ടലിനുള്ള അവാർഡും കോക്കനട്ട് ക്രീക് ഫാം ആൻഡ് ഹോം സ്റ്റേ മികച്ച താമസത്തിനും പ്രഭാത ഭക്ഷണത്തിനുമുള്ള അവാർഡും നേടി. വിജ്ഞാൻ ഭവനിൽ രാഷ്ട്രപതി പ്രണബ്കുമാർ മുഖർജിയിൽനിന്ന് കേരള ടൂറിസം സെക്രട്ടറി സുമൻ ബില്ല മികച്ച റൂറൽ ടൂറിസം പദ്ധതിക്കുള്ള പുരസ്കാരം ഏറ്റുവാങ്ങി.




ദേശീയ ടൂറിസം പുരസ്കാരം കേരള ടൂറിസം സെക്രട്ടറി സുമൻ ബില്ല ഡൽഹിയിൽ രാഷ്ട്രപതി പ്രണബ്കുമാർ മുഖർജിയിൽനിന്ന് സ്വീകരിക്കുന്നു